100556
10/8/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന പദ്ധതി - 2016 - 17 വർഷത്തെ പരിപാടി നിർവ്വഹണ പദ്ധതി (APIP) തയ്യാറാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.487/2015/സാനീവ തീയതി, തിരുവനന്തപുരം. 01.08.2015

---

പരാമർശം: 1) 18.06.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS A2-8934/14 നമ്പർ കത്ത്.
2) 24.06.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വാർഷിക പരിപാടി നിർവ്വഹണ പദ്ധതി (APIP) എല്ലാ വർഷവും തയ്യാറാക്കി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ശിശുവികസന പദ്ധതി ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും നടപ്പ സാമ്പത്തിക വർഷത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയുമാണ് APIP തയ്യാറാക്കേണ്ടത്. ഈ സാഹചര്യത്തിൽ 2016-17 ICDS വാർഷിക പരിപാടി നിർവ്വഹണ പദ്ധതി (APIP 2016-17) തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം ലഭിക്കുന്നതിനായി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തുന്നതിനും കൺസൽട്ടൻസി ചാർജായി 5 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷത്തെ 2235-02-102-98(P)-34OC ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 24.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2016-17 ICDS വാർഷിക പരിപാടി നിർവ്വഹണ പദ്ധതി (APIP 2016-17) തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം ലഭിക്കുന്നതിനായി കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയും കൺസൽട്ടൻസി ചാർജായി 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) 2015-16 സാമ്പത്തിക വർഷത്തെ 2235-02-102-98(P)-34OC ശീർഷകത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ,

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ